# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.583 04.02.2020-ൽ മറുപടിക്ക്**

## കൈത്തറി ഗ്രാമങ്ങൾ

| ചോദ്യം<br>ശ്രീ.വി.ടി.ബൽറാം | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ കൈത്തറി ഗ്രാമങ്ങൾ നിലവിൽ പ്രതിസന്ധിയിലാണെന്നത് വസ്തുതയാണോയെന്ന് വ്യക്തമാക്കുമോ; | (എ) പ്രവർത്തന മൂലധനത്തിന്റെ അഭാവത്താൽ കൈത്തറി മേഖല പ്രതിസന്ധി നേരിട്ടിരുന്നു വെങ്കിലും 2016 മുതൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയോടു കൂടി നെയ്ത്തിനുള്ള അസംസ്കൃത വസ്തുക്കളും തൊഴിലാളികൾക്കുള്ള കൂലിയും ലഭ്യമാക്കി കൈത്തറി മേഖലയെ പൂർണ്ണമായും സംരക്ഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) കൈത്തറി തൊഴിലാളികൾ നൂൽ വില്പനക്കാരുടെ നിരന്തര ചൂഷണത്തിന് ഇരയാകുന്നതിനാൽ ഇത്തരം ചൂഷണ ങ്ങളിൽ നിന്നും അവരെ മോചിപ്പി ക്കുന്നതിന് എന്തെല്ലാം ഇടപെടലുകൾ നടത്തുന്നതിനാണ് സർക്കാർ ഉദ്ദേശി ക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) കൈത്തറി നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുവായ നൂൽ യാൺ ബാങ്കുകൾ വഴി നാഷണൽ ഹാന്റ്ലൂം ഡെവലപ്പ്മെന്റ് കോർപ്പറേഷ(എൻ.എച്ച്.ഡി.സി) നിൽ നിന്നും സബ്സിഡി നിരക്കിൽ ന്യായമായ വിലയ്ക്ക് നൽകിവരുന്നുണ്ട്. 2019-20 സാമ്പത്തിക വർഷം സബ്സിഡി നല്കുന്നതിനായി ബഡ്ജറ്റ് വിഹിത മായി 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായ വിലയ്ക്ക് 'യഥാസമയം' നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നു വെന്ന് ഉറപ്പാക്കുന്നതിന് മാർജിൻ മണി ലോണും നൽകി വരുന്നു. ഹാന്റക്സ്, ഹാൻവീവ്, 6 യാൺ ബാങ്കുകൾ എന്നിവ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. നൂൽ, മറ്റ് അസംസ്കൃതവസ്തുക്കൾ എന്നിവ വാങ്ങി പ്രാഥമിക കൈത്തറി സംഘ ങ്ങൾക്ക് വിതരണം ചെയ്യുന്നതിന് പ്രവർത്തന |

മൂലധനമായാണ് യാൺ ബാങ്കുകൾക്ക് മാർജിൻ മണി ലോൺ അനുവദിക്കുന്നത്. 2019-20 സാമ്പത്തിക വർഷം ഇതിനായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയിൽ കൈത്തറി തൊഴിലാളികൾക്ക് ആവശ്യമായ നൂലുകൾ സർക്കാർ നല്കി വരികയും ചെയ്യുന്നുണ്ട്.

| | |
|---|---|
| (സി) സ്കൂൾ യൂണിഫോമിന് കൈത്തറി വസ്ത്രം വ്യാപകമാക്കിയതിലൂടെ കൈത്തറി മേഖലയുടെ പുനരുജ്ജീവനം എത്രമാത്രം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നു വ്യക്തമാക്കുമോ; | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയുടെ പുനരുജ്ജീവനം ലക്ഷ്യമാക്കി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധികവേതനം, കൂടുതൽ തൊഴിൽ ദിനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുമായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. ഈ പദ്ധതി നടപ്പിലാക്കി 3 വർഷം പിന്നിട്ടപ്പോൾ 5000 ൽ അധികം നെയ്ത്ത് തൊഴിലാളികൾ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. ആയതിൽ നെയ്ത്ത് ജോലി പഠിച്ച് പുതുതായി 1026 പേർ യൂണിഫോം പദ്ധതിയിൽ ചേർന്ന് പ്രവർത്തിക്കുന്നു. പ്രസ്തുത പദ്ധതി നിലവിൽ വന്നതിനുശേഷം വർഷങ്ങളായി നെയ്ത്ത് ജോലിയിൽ നിന്ന് മാറി നിന്ന ഏകദേശം 1300 പേർ യൂണിഫോം പദ്ധതിയുടെ ഭാഗമായി നിലവിൽ പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് പ്രവർത്തന രഹിതമായി പൂട്ടിക്കിടന്നിരുന്ന 15 കൈത്തറി സംഘങ്ങൾ പ്രസ്തുത പദ്ധതിയുടെ ഭാഗമായി തുറന്നു പ്രവർത്തിപ്പിക്കുവാൻ സാധിച്ചു. യൂണിഫോം പദ്ധതി നിലവിൽ വന്നതിനുശേഷം ഇതുവരെ 124.8 കോടി രൂപ കൂലിയിനത്തിൽ നെയ്ത്ത് തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കൈത്തറി മേഖലയിൽ നടപ്പിലാക്കിയ മിനിമം കൂലി വർദ്ധനവ് സ്കൂൾ യൂണിഫോം പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിമൂലം നെയ്ത്ത് തൊഴിലാളികൾക്ക് കൂലി വർദ്ധനയും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കുന്നതോടൊപ്പം കൈത്തറി മേഖലയ്ക്ക് ഒരു പുത്തൻ ഉണർവ്വും സംജാതമായിരിക്കുകയാണ്. |

| | |
|---|---|
| (ഡി) സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകളിൽ ഉപയോഗ ശൂന്യമായി കിടക്കുന്ന ഭൂമി ഉപയോഗപ്രദമാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമെന്ന് വിശദ മാക്കുമോ? | (ഡി) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള പ്രഭുറാം മില്ലിന്റെ കൈവശമുള്ള ഭൂമിയിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ 110 കെ.വി.സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 249.34 സെന്റും, റൈസ് പാർക്ക് സ്ഥാപിക്കുന്നതിന് 518.80 സെന്റും ഭൂമി വിട്ടുനൽകുന്നതിനുള്ള സാധ്യത ഗൗരവമായി പരിശോധിച്ചു വരുന്നു.<br><br>ടെക്സ്ഫെഡിനു കീഴിലുള്ള ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ, കെ.കരുണാകരൻ മെമ്മോറിയൽ സഹകരണ സ്പിന്നിംഗ് മിൽ, മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ്, പ്രിയദർശിനി സഹ കരണ സ്പിന്നിംഗ് മിൽ, മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ എന്നീ മില്ലുകളുടെ കൈവശമുള്ള ഉപയോഗശൂന്യമായ ഭൂമിയിൽ സോളാർ പാനൽ പദ്ധതി നടപ്പിലാക്കുന്നതിനായി അനർട്ടിനെ ചുമതലപ്പെടുത്തുകയും അവർ സമർപ്പിച്ച വിശദ മായ പ്രാരംഭ പഠന റിപ്പോർട്ട് പരിശോധിച്ചു വരികയുമാണ്. |

**സെക്ഷൻ ഓഫീസർ**